"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- 9-ാമത് സരസ് മേള, കൊല്ലം - മേള നടത്തിപ്പിനായി കുടുംബശ്രീക്ക് തുക അനുവദിക്കുന്നതിന് കൊല്ലം ജില്ലയിലെ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികൾ, ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.878/2023/LSGD തീയതി,തിരുവനന്തപുരം, 13-04-2023

---

പരാമർശം:-
1. 16.07.2016 തീയതിയിലെ സ.ഉ(സാധാ)2141/2016/LSGD നമ്പർ സർക്കാർ ഉത്തരവ്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.03.2023 ലെ I/90123/2023 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് സരസ്സ് മേളകൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതല പരാമർശം (1) പ്രകാരം കുടുംബശ്രീയ്ക്കാണ് നൽകിയിട്ടുള്ളത്. കുടുംബശ്രീയുടെയും കൊല്ലം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പങ്കാളിത്തത്തോടെ 2023-24 വർഷത്തെ സരസ് മേള കൊല്ലം ജില്ലയിലെ ആശ്രമ മൈതാനത്ത് ഏപ്രിൽ 27 മുതൽ മെയ് 7 വരെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സരസ്സ് മേളയുടെ നടത്തിപ്പിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് അനുവദിക്കാറുള്ള തുക അപര്യാപ്തമായതിനാൽ മേളയുടെ നടത്തിപ്പിനായി കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും കൊല്ലം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50,000/- രൂപ വീതവും മുൻസിപ്പാലിറ്റികളിൽ നിന്നും 2 ലക്ഷം രൂപ വീതവും മേളയുടെ വേദിയായ കൊല്ലം കോർപ്പറേഷനിൽ നിന്നും 5 ലക്ഷം രൂപയും കുടുംബശ്രീക്ക് നൽകുന്നതിന് അതാത് ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും കൊല്ലം കോർപ്പറേഷനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യ ഒട്ടാകെ NRLM/SGSY-ന് കീഴിലുള്ള സ്വയംസഹായ സംഘങ്ങളാണ് സരസ് മേളയിൽ അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി എത്തുന്നത്. ഗ്രാമീണ സംരംഭകർക്ക് അവരുടെ തനത് ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഉപഭോക്താക്കളിലേക്ക് എത്തിക്കാനും വിപണനത്തിലൂടെ മാന്യമായ വരുമാനം നേടിയെടുക്കുന്നതിനും അതോടൊപ്പം ഭാരതത്തിന്റെ ബഹുസ്വരതയെ ആഘോഷിക്കാനും ഉയർത്തിപ്പിടിക്കാനും ലക്ഷ്യംവച്ചു കൊണ്ട് സംഘടിപ്പിക്കുന്ന സരസ് മേളയുടെ പ്രാധാന്യം സർക്കാർ ഉൾക്കൊള്ളുന്നു. ഈ സാഹചര്യത്തിൽ, 9-ാമത് സരസ് മേള കൊല്ലം ജില്ലയിൽ ഭംഗിയായും വിജയകരമായും സംഘടിപ്പിക്കുന്നതിന്, കൊല്ലം

ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും കൊല്ലം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50,000/- രൂപ വീതവും മുൻസിപ്പാലിറ്റികളിൽ നിന്നും 2 ലക്ഷം രൂപ വീതവും മേളയുടെ വേദിയായ കൊല്ലം കോർപ്പറേഷനിൽ നിന്നും 5 ലക്ഷം രൂപയും ലഭ്യമായ തനത് ഫണ്ടിൽ നിന്നോ അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നോ കുടുംബശ്രീക്ക് നൽകുന്നതിന് കൊല്ലം ജില്ലയിലെ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും കൊല്ലം കോർപ്പറേഷനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
കൊല്ലം ജില്ലയിലെ എല്ലാ ജില്ലാ/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
കൊല്ലം ജില്ലയിലെ എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
വെബ് & ന്യൂ മീഡിയ, ഐ& പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 13-04-2023 16:44:36
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി